**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(എച്ച്) വകുപ്പ്**

നമ്പർ. എച്ച് 2/67/2020/ഐ&പിആർ                                   തിരുവനന്തപുരം,
തീയതി: 19.05.2020

**പരിപത്രം**

വിഷയം:- പത്രപ്രവർത്തക /പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി - ലോക്ക് ഡൗൺ കാലത്ത് അംശദായം അടയ്ക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1) 16.08.1993-ലെ സ.ഉ (പി) നം. 7/93/ഐ&പി.ആർ.
2) 04.02.200-ലെ സ.ഉ (പി) നം. 02/2000/ഐ&പി.ആർ.
3) ഇൻഫർമേഷൻ ഓഫീസർ (പ്രസ് റിലീസ്)-ന്റെ 05.05.2020 -ലെ കുറിപ്പ്.

ലോക്ക് ഡൗൺ കാലത്ത് പത്ര പ്രവർത്തക പദ്ധതിയിൽ അംശദായം അടയ്ക്കാൻ നിരവധി മാധ്യമ പ്രവർത്തകർക്ക് കഴിയാതെ വന്നിട്ടുണ്ടെന്നും ലോക്ക് ഡൗൺ ആയതിനാൽ പണമടയ്ക്കാൻ കഴിയാതെ പോയവർക്ക് അതിനുള്ള അവസരം നൽകുമെന്ന് ബഹു. മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ മാധ്യമ പ്രവർത്തകരെ അറിയിച്ചിരുന്നു. ആയതിനാൽ മാർച്ച് മാസം മുതൽ ലോക്ക് ഡൗൺ കാലാവധി അവസാനിക്കുന്നതു വരെ കാലയളവിൽ അംഗത്വത്തിൽ നിന്നും പുറത്തായി പോയവർക്കും അംശദായം അടയ്ക്കാൻ സാധിക്കാതെ വന്നവർക്കും ലോക്ക്ഡൗൺ അവസാനിച്ചതിനു ശേഷം പിഴപ്പലിശയില്ലാതെ ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ മുഖേന കുടിശികയുള്ള മാസങ്ങളിലെ അംശദായം അടച്ച് പദ്ധതിയിൽ തുടരുന്നതിന് അവസരം നൽകാവുന്നതാണെന്നും ആയതിന് ജൂൺ 30 വരെ തീയതി നീട്ടി നൽകാവുന്നതാണെന്നും ഇൻഫർമേഷൻ ഓഫീസർ (പ്രസ് റിലീസ് ) കുറിപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

സൂചന(1) ,(2) ഉത്തരവുകളിലെ ചട്ടം7 (3) പ്രകാരം ഒരു അംഗം തുടർച്ചയായി ആറു മാസത്തിൽ കൂടുതൽ കാലം അയാളുടെ അംശദായം അടയ്ക്കാതിരിക്കുന്ന പക്ഷം അയാളുടെ അംഗത്വം സ്വമേധയാ റദ്ദായി പോകുന്നതാണ് എന്നും, എന്നാൽ അയാൾക്ക് ജോലിയിൽ ഏർപ്പെടാനോ അംശദായം അടയ്ക്കുവാനോ കഴിയാതിരുന്നത് ന്യായമായ കാരണങ്ങളാലാണെന്ന് ബോധ്യപ്പെടുന്ന പക്ഷം, അയാൾ നിധിയിലേക്കുള്ള മുഴുവൻ അംശദായ കുടിശിക അടച്ചു തീർത്തതിൻമേൽ ഭരണസമിതി അയാളുടെ അംഗത്വം പുന:സ്ഥാപിച്ചു കൊടുക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം 6 മാസം വരെയുള്ള അംശദായം അടയ്ക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ല. മാർച്ച് 24 മുതലാണ് ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. മാർച്ച് 24 മുതൽ ലോക്ക് ഡൗൺ കാലാവധി അവസാനിക്കുന്നതു വരെയുള്ള കാലയളവിൽ അംശദായം അടയ്ക്കാൻ സാധിക്കാതെ വന്ന പത്രപ്രവർത്തക/ പത്രപ്രവർത്തകേതര ജീവനക്കാർക്കു മാത്രം താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി അംശദായം അടയ്ക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

1) മാർച്ച് 24 മുതൽ ലോക്ക് ഡൗൺ കാലാവധി അവസാനിക്കുന്നതു വരെയുള്ള കാലയളവിൽ അംശദായം അടയ്ക്കാൻ സാധിക്കാതെ വന്നവർക്ക് (2019 സെപ്റ്റംബർ വരെ അംശദായം അടവാക്കിയിട്ടുള്ളവരും 2019 ഒക്ടോബർ മുതൽ കുടിശികയുള്ളവർക്കും) മാത്രമായി ഈ ഉത്തരവ് ബാധകമാക്കാവുന്നതാണ്.

2) മാർച്ച് 24 മുതൽ ലോക്ക് ഡൗൺ കാലാവധി അവസാനിക്കുന്നതു വരെ കാലയളവിൽ പിഴപ്പലിശ ഈടാക്കേണ്ടതില്ല.

3) അംശദായം അടയ്ക്കുന്നതിനായി സ്ഥാപനത്തിന്റെ പേരും ഔദ്യോഗിക മുദ്രയുമുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റോ

അല്ലെങ്കിൽ സ്ഥാപനത്തിന്റെ ഔദ്യോഗിക മുദ്രയുള്ള പേ-സ്ലിപ്പോ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ അംശദായം അടച്ച് നൽകാൻ പാടുള്ളൂ. ഇക്കാര്യം എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരും / മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും ഉറപ്പ് വരുത്തേണ്ടതാണ്.

4) 2019 സെപ്റ്റംബറിനു മുൻപ് കുടിശികയുള്ളവർക്ക് ഈ ഉത്തരവ് ബാധകമല്ല.

**യു.വി. ജോസ്**
**ഡയറക്ടർ**

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
ഇൻഫർമേഷൻ ഓഫീസർ, ന്യൂ ഡൽഹി
ഇൻഫർമേഷൻ ഓഫീസർ പ്രസ് റിലീസ് (പത്രക്കുറിപ്പ് നൽകുന്നതിന് )
പ്രസിഡന്റ് /സെക്രട്ടറി, കേരളാ യൂണിയൻ ഓഫ് വർക്കിങ് ജേർണലിസ്റ്റ്
പ്രസിഡന്റ് /സെക്രട്ടറി, കേരളാ ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ